**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 464** **11-06-2024 - ൽ മറുപടിയ്ക്ക്**

**കിഫ്ബി ഫണ്ട് വിനിയോഗിച്ച് കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്-മൂപ്പൻ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്-മൂപ്പൻ റോഡ് എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | 01/11/2016-ലെ G.O (Rt) No. 1502/2016/PWD ഉത്തരവ് പ്രകാരം 10 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മൂപ്പൻ റോഡിന് 09/11/2018-ലെ PWD006-30-PA-01 ഉത്തരവ് പ്രകാരം 20.27 കോടി രൂപയുടെ കിഫ്ബി ധനാനുമതി നൽകിയിരുന്നു. തുടർന്ന് ഈ പ്രവൃത്തിയ്ക്ക് 22/10/2022-ന് 25.445 കോടി രൂപയുടെ സാങ്കേതിക അനുമതി ലഭിച്ചെങ്കിലും സാങ്കേതിക അനുമതി തുക ധനാനുമതി തുകയെക്കാൾ അധികരിച്ചതിനാൽ പുതുക്കിയ ധനാനുമതിക്കായി നിർവ്വഹണ ഏജൻസിയായ KRFB കിഫ്ബിക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.<br><br>നിർവ്വഹണ ഏജൻസി പ്രവൃത്തി ടെണ്ടർ ചെയ്ത് 41-ാമത് ടെണ്ടർ അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരത്തോടെ കരാറുകാരന് വർക്ക് ഓർഡർ നൽകുകയും ചെയ്തിരുന്നു. 11/10/2023-ലെ PWD006-30/APR-1/2023/KIIFB നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം പ്രസ്തുത പ്രവൃത്തിയ്ക്ക് കിഫ്ബി 25.445 കോടി രൂപയുടെ പുതുക്കിയ സാമ്പത്തിക അനുമതി നൽകിയിരുന്നതും, തുടർന്ന് നിർവ്വഹണ ഏജൻസി സമർപ്പിച്ച പ്രോജക്ട് എക്സിക്യൂഷൻ ഡോക്കുമെന്റിന് കിഫ്ബി അംഗീകാരം നൽകിയിരുന്നതും, 07/12/2023-ന് നിർവ്വഹണ ഏജൻസി PRICE മുഖേന കരാറുകാരന് ലെറ്റർ ഓഫ് അക്സെപ്റ്റൻസ് (LoA) നൽകുകയും ചെയ്തിരുന്നു. എന്നാൽ കരാറുകാരൻ നാളിതുവരെ ആവശ്യമായ രേഖകളും സെക്യൂരിറ്റി തുകകളും സമർപ്പിച്ചിട്ടില്ലാത്തതിനാൽ പ്രവൃത്തി റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നാണ് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുവാൻ ഇനി എന്തെങ്കിലും സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തിയാക്കാനുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | 01/11/2016-ലെ G.O (Rt) No. 1502/2016/PWD ഉത്തരവ് പ്രകാരം 10 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മൂപ്പൻ റോഡിന് 09/11/2018-ലെ PWD006-30-PA-01 ഉത്തരവ് പ്രകാരം 20.27 കോടി രൂപയുടെ കിഫ്ബി ധനാനുമതി നൽകിയിരുന്നു. തുടർന്ന് ഈ പ്രവൃത്തിയ്ക്ക് 22/10/2022-ന് 25.445 കോടി രൂപയുടെ സാങ്കേതിക അനുമതി ലഭിച്ചെങ്കിലും സാങ്കേതിക അനുമതി തുക ധനാനുമതി തുകയെക്കാൾ അധികരിച്ചതിനാൽ പുതുക്കിയ ധനാനുമതിക്കായി നിർവ്വഹണ ഏജൻസിയായ KRFB കിഫ്ബിക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.<br><br>നിർവ്വഹണ ഏജൻസി പ്രവൃത്തി ടെണ്ടർ ചെയ്ത് 41-ാം മത് ടെണ്ടർ അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരത്തോടെ കരാറുകാരന് വർക്ക് ഓർഡർ നൽകുകയും ചെയ്തിരുന്നു. 11/10/2023-ലെ PWD006-30/APR-1/2023/KIIFB നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം പ്രസ്തുത പ്രവൃത്തിയ്ക്ക് കിഫ്ബി 25.445 കോടി രൂപയുടെ പുതുക്കിയ സാമ്പത്തിക അനുമതി നൽകിയിരുന്നതും, തുടർന്ന് നിർവ്വഹണ ഏജൻസി സമർപ്പിച്ച പ്രോജക്ട് എക്സിക്യൂഷൻ ഡോക്കുമെന്റിന് കിഫ്ബി അംഗീകാരം നൽകിയിരുന്നതും, 07/12/2023-ന് നിർവ്വഹണ ഏജൻസി PRICE മുഖേന കരാറുകാരന് ലെറ്റർ ഓഫ് അക്സെപ്റ്റൻസ് (LoA) നൽകുകയും ചെയ്തിരുന്നു. എന്നാൽ കരാറുകാരൻ നാളിതുവരെ ആവശ്യമായ രേഖകളും സെക്യൂരിറ്റി തുകകളും സമർപ്പിച്ചിട്ടില്ലാത്തതിനാൽ പ്രവൃത്തി റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നാണ് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ